സിവിൽ സപ്ലൈസ് ആഫീസുകളിലെ വിജിലൻസ് റെയ്ഡ്

85 [368] ശ്രീ. കോവൂർ കുഞ്ഞുമോൻ :

,, എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സിവിൽ സപ്ലൈസ് ആഫീസുകളിൽ വിജിലൻസ് റെയ്ഡ് നടത്തിയിരുന്നോ; എങ്കിൽ പ്രസ്തുത റെയിഡിൽ എത്ര ഉദ്യോഗസ്ഥന്മാർക്ക് എതിരെ കേസ് രജിസ്റ്റർ ചെയ്തു എന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത റെയിഡിന്റെ റിപ്പോർട്ട് അനുസരിച്ച് ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്തിരുന്നോ; എങ്കിൽ എത്രപേരെ എന്ന് ജില്ല തിരിച്ച് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത ഉദ്യോഗസ്ഥർ ഇപ്പോൾ സർവ്വീസിൽ തിരികെ പ്രവേശിച്ചോ എന്ന് വെളിപ്പെടുത്തുമോ;

(ഡി) വിജിലൻസ് റിപ്പോർട്ട് പ്രകാരം കേസ് മുന്നോട്ടുകൊണ്ടുപോകാൻ അനുമതി നൽകിയിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

ഉത്തരം

(എ) നടത്തിയിരുന്നു. പ്രസ്തുത റെയ്ഡിൽ രണ്ടു പേർക്കെതിരെ രണ്ട് വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി ആന്റ് സി) ആരെയും സസ്പെന്റ് ചെയ്തിട്ടില്ല.

(ഡി ആന്റ് ഇ) രജിസ്റ്റർ ചെയ്ത രണ്ടു കേസുകളിലും അന്വേഷണം പുരോഗമിച്ചുവരുന്നു.

സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഹെൽപ്പർ തസ്തികയിലേക്കുള്ള റാങ്ക് ലിസ്റ്റ്

86 [369] ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ ഹെൽപ്പർ തസ്തികയിലേക്ക് ഇപ്പോൾ നിലവിലുള്ള റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്നവസാനിക്കും;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത ലിസ്റ്റിന്റെ കാലാവധി തീരുന്നതിനു മുമ്പായി ഈ കോർപ്പറേഷനിൽ എത്ര റിട്ടയർമെന്റ് വേക്കൻസികൾ ഉണ്ടാകുമെന്ന് വെളിപ്പെടുത്തുമോ;

(സി) ഇപ്പോൾ ഹെൽപ്പർ തസ്തികയിൽ ഓരോ റീജിയണിലും എത്ര വേക്കൻസികൾ വീതം ഉണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) കോഴിക്കോട് റീജിയണിൽ 22-11-2003-ൽ ഉണ്ടായ ഹെൽപ്പർ തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തുവോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) 4-2-2004-ൽ അവസാനിക്കും. എന്നാൽ റാങ്ക് ലിസ്റ്റുകളുടെ കാലാവധി 31-3-2004-വരെ നീട്ടാനുള്ള സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഹെൽപ്പർ തസ്തികയുടെ റാങ്ക് ലിസ്റ്റിന്റെ കാലാവധിയും 31-3-2004-വരെ ദീർഘിപ്പിക്കാനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

(ബി) 31-3-2004-വരെ 6 റിട്ടയർമെന്റ് വേക്കൻസികൾ ഉണ്ടാകും.

(സി) റീജിയൺ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം	-	ഇല്ല
കോട്ടയം	-	22 (3 ആശ്രിത നിയമനം)
എറണാകുളം	-	26 (2 ,,)
പാലക്കാട്	-	52 (3 ,,)
കോഴിക്കോട്	-	19 (3 ,,)

(ഡി) കോർപ്പറേഷന്റെ എല്ലാ റീജിയണിലുമുണ്ടായ മുഴുവൻ വേക്കൻസികളും പി. എസ്. സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഡിസ്പ്ലൈ അലവൻസ്

87 [370] ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ ഡിസ്പ്ലൈ അലവൻസ് എന്ന പേരിൽ ഒരു അലവൻസ് നൽകുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ 2003 ധനകാര്യ വർഷത്തിൽ ഈ ഇനത്തിൽ എത്ര രൂപ നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly